**ഇന്ത്യാ സ്കിൽസ് കേരള നടത്തിപ്പുമായി ബന്ധപ്പെട്ട് 09.02.2023 തീയതിയിൽ അഡീഷണൽ ഡയറക്ടർ ശ്രീ കെ പി ശിവശങ്കരൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിന്റെ മിനിട്സ്.**

**പങ്കെടുത്ത ഉദ്യോഗസ്ഥർ**

1. ശ്രീ. ഡി. മനേക്ഷ് പ്രസാദ്, എ.എസ്.പി.ഡി.
2. ശ്രീമതി സ്റ്റാറി പോൾ, JDT
3. ശ്രീമതി മിനി മാത്യു, DD (T)
4. ശ്രീമതി ബിന്ദു ജെ എസ്, JD
5. ശ്രീ രതീശൻ സി, DD (P)
6. ശ്രീ ജോസ് വർഗ്ഗീസ്, DSA
7. ശ്രീ ഷമ്മി ബക്കർ എ, IT
8. ശ്രീ റജി എസ്. , അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
9. ശ്രീ മൊയ്തീൻകുട്ടി [illegible], പ്രിൻസിപ്പാൾ
10. ശ്രീ ദിലീപൻ ബി എസ്., പ്രിൻസിപ്പാൾ
11. ശ്രീ കെ വി സുനിൽകുമാർ, JS
12. ശ്രീ മനോജ് മാത്യു, JAA(C)
13. ശ്രീ രഞ്ജിത്ത് ജി ആർ, J S
14. ശ്രീ പ്രദീപ് കുമാർ പി എൻ , ക്ലാർക്ക്

മീറ്റിംഗ് 11.00 മണിക്ക് ആരംഭിച്ചു.

ഇന്ത്യാ സ്കിൽസ് കേരള -2023 ലേക്കുള്ള രജിസ്ട്രേഷൻ നടപടികൾ ഇത് വരെ ആരംഭിച്ചിട്ടില്ലായെന്നും, ഇതിനായുള്ള പരസ്യം നൽകുന്നത് തുടങ്ങിയിട്ടില്ലായെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചതായി മീറ്റിംഗിൽ ബഹു. അഡീഷണൽ ഡയറക്ടർ അറിയിച്ചു. ആയതിനാൽ രജിസ്ട്രേഷൻ പോർട്ടൽ ഉടനടി സജ്ജമാക്കണമെന്നും രജിസ്ട്രേഷന് 20 ദിവസത്തെ സമയമെങ്കിലും നൽകണമെന്നും ഇതിനെല്ലാം മുന്നേ പരസ്യം നൽകിതുടങ്ങണമെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു.

- മെയ് 10 തീയതി വരെ പുത്തരികണ്ടം മൈതാനം വേറെ ബുക്കിംഗ് ഉള്ളതിനാൽ ഫൈനൽ മത്സരങ്ങൾ 19, 20, 21 തീയതികളിൽ നടത്തുന്നത് ഉചിതമായിരിക്കും. മെയ് അവസാന ആഴ്ചകളിൽ കാലവർഷം സജീവമാകുമെന്നതും പരിഗണിക്കണം.
- പന്തലിടുന്നതും പരിഗണിച്ച് 15 മുതൽ 23-ാം തീയതി വരെ വെന്യു ബുക്ക് ചെയ്യണം. വെന്യു കമ്മിറ്റി അടിയന്തിരമായി ഈ വിഷയങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കണം.

- രജിസ്ട്രേഷൻ പോർട്ടൽ സജ്ജമാക്കി രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ നടത്തണം. 20 ദിവസമെങ്കിലും രജിസ്ട്രേഷനായി മാറ്റിവെക്കണം. അതിനും മുന്നേ മുതൽ 30 ദിവസമെങ്കിലും ഇതിനായുള്ള പരസ്യം നൽകണം. രജിസ്ട്രേഷൻ കമ്മിറ്റി അടിയന്തിരമായി ഈ വിഷയങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കണം.
- മാർച്ച് ആദ്യം രജിസ്ട്രേഷൻ ഉദ്ഘാടനം ബഹു. മന്ത്രി നടത്തണം. ഫൈനലിന്റെ തീയതി നീട്ടിയിട്ടുള്ളതിനാൽ ഇതനുസരിച്ച് ജില്ലാ, സോണൽ മത്സരങ്ങൾ ക്രമീകരിക്കണം. ഏപ്രിൽ ആദ്യത്തെയും രണ്ടാമത്തെയും ആഴ്ചകളിൽ ജില്ലാതലത്തിലും, ഏപ്രിൽ അവസാനത്തെയും മെയ് ആദ്യത്തേയും ആഴ്ചകളിൽ സോണൽ തലത്തിലും അതിനു ശേഷം മെയ് പതിനഞ്ചിനു ശേഷം സംസ്ഥാനതലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കണം.
- ജില്ലാ, സോണൽ മത്സരങ്ങൾ നടത്തുന്നതിനുള്ള ഫണ്ട് മുൻകൂറായി ആവശ്യമുള്ളത് അക്കൗണ്ട്സ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് ഇതിനായി ലഭ്യമാക്കണം. മാർച്ച് ആദ്യം ഫണ്ട് ലഭ്യമാക്കുന്നതിനായി ഫെബ്രുവരിയിൽ തന്നെ ഇതിനായുള്ള നടപടികൾ സ്വീകരിക്കണം. ഏതൊക്കെ ശീർഷകത്തിൽ നിന്ന് ഇതിനായുള്ള തുക കണ്ടെത്താമെന്ന് പരിശോധിക്കുകയും ഫിനാൻസ് കമ്മിറ്റി അടിയന്തിരമായി നടപടികൾ സ്വീകരിക്കുകയും ചെയ്യണം.
- വിവിധ കമ്മിറ്റികൾക്ക് പ്രോഗ്രാം നടത്തിപ്പിലേക്ക് മുൻകൂറായി ആവശ്യമായ തുകയുടെ വിവരങ്ങൾ അടിയന്തിരമായി സമർപ്പിക്കണം.
- ഐ.ടി.ഐ കൾക്ക് ജില്ലാ, സോണൽ മത്സരങ്ങളുടെ നടത്തിപ്പിനായി അഡ്വാൻസ് തുക ആവശ്യമുള്ള എല്ലാ കമ്മിറ്റി കൺവീനർമാരും ആയതിനുള്ള ബഡ്ജറ്റ് സമർപ്പിക്കണം. എന്നാൽ മാത്രമെ തുക കണ്ടെത്തുന്നതിലേക്കായി ധനപുനർവിനിയോഗം സമയബന്ധിതമായി നടത്താൻ സാധിക്കുകയുള്ളൂ.
- ജില്ലാ, സോണൽ ലെവലിൽ മത്സരങ്ങൾക്കുള്ള ടെസ്റ്റിംഗ് & സർട്ടിഫിക്കേഷന് ആവശ്യമായ മുൻകൂർ തുകയുടെ വിവരങ്ങൾ ടി കമ്മിറ്റി അടിയന്തിരമായി സമർപ്പിക്കണം.
- സംഭരണം (District & Zonal), വെന്യൂ, വേതനം, പരസ്യം എന്നിവയ്ക്കായുള്ള ഫണ്ട് മാർച്ച് ആദ്യം തന്നെ അക്കൗണ്ട്സ് ഓഫീസറുടെ അക്കൗണ്ടിലേക്ക് മാറ്റണം.
- പ്രോഗ്രാം നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു കലണ്ടർ തയ്യാറാക്കണം.
- പി.ആർ വർക്ക്, പബ്ലിസിറ്റി എന്നിവയക്കായുള്ള ഏജൻസി ചെയ്യേണ്ട കാര്യങ്ങൾ കണ്ടെത്തി M/s KASE ലേക്ക് നൽകുകയും എംപാനൽ കമ്മിറ്റിയെ ധരിപ്പിക്കുകയും വേണം.
- Equip the trainees - ഐ.ടി.ഐ കളിലെ ട്രെയിനികളെ ഈ പ്രോഗ്രാമിനെ സംബന്ധിച്ച് ഒരു അവബോധം നൽകുകയും മത്സരങ്ങൾക്കായി ഒരുക്കുകയും വേണം. ഇതിനായി നല്ല നിലവാരം പുലർത്തുന്ന ട്രെയിനികളെ കണ്ടെത്തി ഷോർട്ട് ലിസ്റ്റ് ചെയ്യണം. എല്ലാ സ്ഥാപനമേധാവികളും അടിയന്തിരമായി ഈ വിഷയങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കണം. എഫ് സെക്ഷൻ ഇതിനായുള്ള മേൽനോട്ടം വഹിക്കണം.

1

- ഇന്ത്യാ സ്കിൽസ് കേരള നടത്തിപ്പിനായി ഐ.ടി.ഐ കളിൽ ചെയ്യ് തീർക്കേണ്ട കാര്യങ്ങളെ കുറിച്ച് തീരുമാനമെടുക്കണം. ആയതിനായി എല്ലാ ഐ.ടി.ഐ കളിലും നിന്നുള്ള പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദേശം 50-ഓളം ഐ.ടി.ഐ കളിൽ വെച്ച് ഗൂഗിൾ മീറ്റിലൂടെ തീരുമാനങ്ങൾ അറിയിക്കണം.
- ജോയിന്റ് ഡയറക്ടർ, RDT, എല്ലാ ഐ.ടി. മാർ ഇവരുടെ ഒരു യോഗം ഓഫ്ലൈനായി നടത്തി തീരുമാനങ്ങൾ അവരെ അറിയിക്കണം.
- വിവിധ കമ്മിറ്റികൾ നടപ്പിലാക്കേണ്ട ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിച്ച് നടപടി ക്രമം തയ്യാറാക്കി നൽകണം.
- എ.എസ്.പി.ഡി വിവിധ കമ്മിറ്റിക്കാരുടെ ചുമതലകൾ മുഴുവനായി വായിക്കുകയും വിവരിക്കുകയും ചെയ്യു.
- പുതുതായി രൂപീകരിക്കേണ്ട ഡിസിപ്ലിനറി കമ്മിറ്റിയിൽ ചാക്ക, കഴക്കൂട്ടം എന്നീ ഐ.ടി.ഐ കളിൽ നിന്നും വോളണ്ടിയേഴ്സിന്റെ മേൽനോട്ടത്തിന് ചാക്ക, കഴക്കൂട്ടം ഐ.ടി.ഐ കളിൽ നിന്നും ഉദ്യോഗസ്ഥരെ നിയോഗിക്കണം.
- മനസ്സിനെ സ്പർശിക്കുന്ന / വാർത്താപ്രാധാന്യം ലഭിക്കുന്ന വീഡിയോകൾ നിർമ്മിക്കുവാനും ആയത് സ്റ്റേറ്റ് മത്സരങ്ങളിൽ പ്രദർശിപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.
- സോണൽ തല മത്സരങ്ങളുടെ ഉദ്ഘാടനത്തിനുള്ള വേദികൾ കണ്ടെത്തണം.

അഡീഷണൽ ഡയറക്ടർ